# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

**സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.**
**കാഞ്ഞിരകോട്**

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 26

സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.
കാഞ്ഞിരകോട്

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# യു.പി മലയാളം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം (UP)

### ഭാഷാവികാസം

ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പു വരുത്തുക
* മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കും അവതരണത്തിനു മികച്ച അവസരം നൽകുക.
* എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
* സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുക.
* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
* സെമിനാർ മാഗസിനുകൾ, ശില്പശാലകൾ സംഘടിപ്പിക്കുക.

മേഖല യു.പി. തലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | * എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | * ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | | |
| | * വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | | |

| | | | | |
|---|---|---|---|---|
| (2) പരിപാടിയിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | * വാർത്താലോകത്തേക്ക്:<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പതിപ്പുകൾ വായിക്കുകയും പ്രതികരണങ്ങൾ ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | * വാർത്താവായന.<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | · അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ്. | മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| (3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | * സംവാദം / മുഖാമുഖം. സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അദ്ധ്യാപിക | പി.ടി.എ. |
| (4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | ഇ-കമ്പ്യൂട്ടിംഗ് മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. * മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | രണ്ട് വർഷം | മലയാളം, ഐ.ടി അദ്ധ്യാപകർ | മലയാളം ക്ലബ് |
| (5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | * രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ദൃശ്യനാടകങ്ങൾ | | | |

| | | | | |
|---|---|---|---|---|
| | തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരുടെയും മറ്റ് കലാകാരന്മാരുടെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | പി.ടി.എ. |
| (6) കുട്ടികളുടെ ആശയ വിനിമയശേഷി ആർജ്ജനത്തിന് എഫ്.എം. [illegible] മികവ് ([illegible]) | * വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ഉള്ളടക്കം [illegible] അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലെയും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | തുടക്കത്തിൽ മാസത്തിൽ ഒന്ന് പിന്നീട് എല്ലാ ആഴ്ചയും | ക്ലാസ് ലീഡർമാർ സ്കൂൾ ലീഡർമാർ മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ. |

# Academic Master Plan

English (UP)

# Academic Master Plan

## English (UP)

### പ്രധാന ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം നടത്തൽ
2. എഴുത്ത് ശീലിപ്പിക്കൽ
3. വായന പ്രോത്സാഹിപ്പിക്കൽ
4. സ്വന്തം ആശയങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കൽ
5. തെറ്റു കൂടാതെ വായിക്കാനും എഴുതാനും പഠിക്കൽ
6. കേൾക്കുന്നത് ഗ്രഹിക്കാനുള്ള കഴിവ് വളർത്തൽ
7. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അതിലൂടെ ഭാഷാജ്ഞാനം വളർത്താനുമുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കൽ
8. മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്ത് ഭാഷയെ മെച്ചപ്പെടുത്താൻ പ്രാപ്തരാക്കൽ.

മേഖല യു പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ① ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നിർത്തി ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളൊരുക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Meet the foreigner എന്നത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One man show എന്ന ആശയം നൽകി ഇംഗ്ലീഷിൽ ആത്മവിശ്വാസത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| ② ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I too can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. ലളിതതലത്തിൽ നിന്നും സങ്കീർണ്ണതയിലേക്ക് | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Learning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു. മുഴുവൻ വായനക്കാരും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏതാനും ഉത്തരങ്ങൾ കിട്ടുന്നതിന് സാധിക്കുകയും കുട്ടികൾക്കിടയിലുള്ള സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | | | |
| | FM Corner വ്യത്യസ്തമായ കഥകൾ Reader's Theatre രീതിയിൽ (സ്വര രൂപത്തിൽ അവതരിപ്പിക്കുന്നു വായനക്കാർക്ക് അവസരം നൽകുന്നു | ദിവസത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Monthനെ തിരഞ്ഞെടുക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| ③ തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets കുട്ടികളുടെ കൈയെഴുത്ത് ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ലിറ്റററി മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Alert Zone എന്ന ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun Time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 8. ഇംഗ്ലീഷ് സംഭാഷണ ശേഷി വർദ്ധിപ്പിക്കാൻ ഉപകരിക്കുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് ഭാഷാ-[illegible] ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br><br>അഭിനയം, ഗാനങ്ങൾ, കഥാവതരണം, Role play നാടകം എന്നിവ [illegible] | [illegible] | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ, പ്രാദേശിക രക്ഷിതാക്കൾ | |

DATE PAGE

# Academic Master Plan

## UP Hindi

RAMSONS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 1) 5,6,7 ക്ലാസുകളിൽ അക്ഷര ഉറപ്പിക്കൽ. ഹിന്ദി 5-ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഉച്ചരിക്കപ്പെടാത്ത അക്ഷരങ്ങളെ പരിചയപ്പെടാത്ത അവസ്ഥ ഒഴിവാക്കി പഠിപ്പിച്ചെടുക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ എടുത്ത് അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് എന്നിവയിൽ അക്ഷരങ്ങൾ ഉറപ്പിച്ച് കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ |
| 2) ഹിന്ദി വായന. തടസം കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം നൽകും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. ഹിന്ദി ചിത്രകഥകൾ തുടങ്ങിയവ ഹിന്ദിയിൽ വാക്യമെഴുതിയവ കാണിച്ച് വായിപ്പിക്കാൻ ശ്രമിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 3) ഹിന്ദി സംസാരം. ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്ന ഹിന്ദിയിൽ സംസാരിക്കാനുള്ള പരിശീലനം നൽകും. | ഹിന്ദി മാത്രം വിനിമയം ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. വായനക്ക്: - ഹിന്ദി വാർത്ത അധ്യാപകൻ ക്ലാസിൽ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയായി വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

# Academic Master Plan

Social Science (UP)

# Academic Master Plan

## Social Science (UP)

### പ്രധാന ലക്ഷ്യങ്ങൾ

1. സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രീയമാക്കുക
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. സാമൂഹ്യ ചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലന ശേഷി, enquiry skill എന്നിവ എല്ലാ കുട്ടികളിലും ആർജ്ജിക്കുക.
4. സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തുക.
5. പഠനം കൂടുതൽ രസമുള്ളതാക്കുക.
6. സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
7. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക
8. മതേതര ജനാധിപത്യബോധം വികസിപ്പിക്കാൻ ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക.

(9) അർഥപൂർണമായ ഭൂപടവായന ശീലിക്കുന്നു.

(10) പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകുന്നു

(11) പ്രാചീന - മധ്യ - ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരം തിരിക്കുന്നു.

(12) പ്രാദേശിക ചരിത്രാവബോധം വളർത്തുക.

(13) പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുന്നു.

ലോവർ യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ① സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ, ഇവ പഠിതാക്കൾ നേടിയെടുക്കൽ. | അങ്ങോട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| ② പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip.<br><br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ③ ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് തെരഞ്ഞെടുപ്പ്:<br><br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ④ പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ | പ്രകൃതി താണ്ഡവം: നേർകാഴ്ച്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതി ജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്ത- | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഏർപ്പെടാൻ പഠിതാ-<br>ക്കളെ ബോധവാന്മാ-<br>രാക്കുന്നു. | ങ്ങളുടെ ജീവിതത്തെ കുറിച്ച് മനസി-<br>ലാക്കുകയും അഗ്നിശമനസേന<br>ഉദ്യോഗസ്ഥരുടെ സഹായത്തോടെ<br>Demonstration ക്ലാസുകൾ സംഘടി-<br>പ്പിക്കുകയും രക്ഷാപ്രവർത്തന-<br>ങ്ങളിൽ ഏർപ്പെടുന്നതിന്<br>പഠിതാക്കളെ ബോധവാന്മാരാ-<br>ക്കുകയും ചെയ്യുന്നു. | | | |
| (5) സഹജീവികളോട്<br>സഹഭാവന<br>വളർത്തി എടുക്കാൻ<br>പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ നുറുങ്ങുവെട്ടം<br><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച<br>സ്ഥലങ്ങൾ, ഇരകളായ വ്യക്തി-<br>കൾ എന്നിവരെ സന്ദർശിച്ച്<br>വിദ്യാർത്ഥികൾക്ക് അവരാൽ<br>കഴിയുന്ന സേവനം ചെയ്യാൻ<br>അവസരം നൽകുന്നു. വിദ്യാല<br>ശീലത്തിന്റെ ഭാഗമായി<br>കുട്ടികൾ സ്വരൂപിച്ച സാധന- | | | |

| | | | | |
|---|---|---|---|---|
| | സമൂഹത്തിൽ ദുരന്തമായി മാറിയ പ്രശ്നങ്ങളിൽ അത്യാവശ്യ സഹായമാകുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| ⑥ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും (ജീവിതത്തിൽ) പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | വിലങ്ങിവലയിൽ നിന്നും രക്ഷിച്ചു - ചാട്ടം<br>———<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം, മറ്റ് വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ④ സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാടെവിടെ മക്കളേ? (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ദുർബലമാക്കുന്നതിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽകാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ⑤ സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതു ചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു. മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉദ്ധരണങ്ങൾ നിരീക്ഷണം കൊണ്ടുള്ള രീതിയിലൂടെ ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

അക്കാദമിക

മാസ്റ്റർ പ്ലാൻ

അടിസ്ഥാനശാസ്ത്രം

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ശാസ്ത്രം

**ലക്ഷ്യങ്ങൾ**

* ശാസ്ത്രത്തിൽ സവിശേഷ സ്വഭാവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
* കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.
* ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
* ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണി, അന്വേഷണാത്മകത എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
* ശാസ്ത്ര പഠനത്തെ സാമൂഹ്യ പുരോഗതിക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
* ശാസ്ത്ര പഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് വളർത്തുക
* ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക
* പാരിസ്ഥിതിക അവബോധം വളർത്തുക.
* ശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക

* പാർശ്വവത്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക
* ICT കുട്ടികളെ നേർധാരയിൽ എത്തിക്കുക
* സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് കഴിവും മനോഭാവവും നേടുക
* ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| (1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | * നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക് - ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യപാർക്ക് നിർമ്മാണം | ഒക്ടോബർ വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | പി.ടി.എ. |
| | * കണ്ടറിയാനൊരു യാത്ര. വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയൽ, യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| | * പരീക്ഷണ കേളി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ നടത്തുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | * മാസ്റ്റർമൈൻഡ്<br>ഊർജ്ജക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| * മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര അറിവുകളുമായി ബന്ധപ്പെട്ട് സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമികവർഷം | ശാസ്ത്രാധ്യാപകർ | |
| * യുറേക്കാ.<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറികൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ത്തമാക്കി റിപ്പോർട്ട് അവതരിപ്പി-ക്കാനുള്ള അവസരം നൽകുന്നു<br><br>*എക്സ്പ്ലോ - എക്സ്പ്ലോർ.<br><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ ആസ്പദമാക്കി പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | *ശാസ്ത്ര വിസ്മയ ചുമർ<br><br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി പഠനത്തിനായി പ്രയോജനപ്പെടുത്തൽ | * വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | Atal Tinkering Labortory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യമല്ലാത്ത fullerine പോലെയുള്ള | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

അക്കാദമിക
മാസ്റ്റർപ്ലാൻ
യു.പി ഗണിതം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## അടിസ്ഥാന ഗണിതം. (UP)

പ്രധാന ലക്ഷ്യങ്ങൾ.

* ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിതവിജയം, ഉല്ലാസഗണിതം നടപ്പാക്കുക.
* ഗണിത പഠനം ലളിതവും രസകരവുമാക്കുക.
* വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
* ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുക.
* രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പ് വരുത്തുന്നു
* ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയുന്നു.
* സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.
* ഗുണനപട്ടിക ഉപയോഗം തിരിച്ചറിയുന്നു
* ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
* പ്രശ്നപരിഹാരം, പ്രായോഗിക പ്രശ്ന പരിഹാരത്തിന് മുൻഗണന
* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകമാകുന്നു എന്ന് കുട്ടികൾ തിരിച്ചറിയുന്നു
* വസ്തുക്കളെ ഗണിതരൂപങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.

* ഗണിത പഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

* കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും പര്യാപ്തമാകുന്നു.

* ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു.

* കുട്ടികൾ സ്വന്തമായി worksheet കൾ നിർമ്മിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

* ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കൈമാറുവാൻ പഠനോപകരണങ്ങൾ എങ്ങനെ സാധ്യമാക്കുമെന്നതിനാൽ അധ്യാപകർ, കുട്ടികൾ BRC etc എന്നിവരുടെ സഹായത്താൽ ഗണിത ലാബ് സംഘടിപ്പിക്കുന്നു.

* സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം

* സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, പ്രായോഗിക പ്രശ്നപരിഹാരം എന്നിവയെല്ലാമുൾക്കൊള്ളുന്ന പഠനവേളകൾ ചർച്ചയിലൂടെ പ്രവർത്തനങ്ങൾ മൂല്യനിർണ്ണയം നടത്തുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുക | * ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ പഠിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടി കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ..... എന്നിവ ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിതാധ്യാപകർ | |
| രസകരമായ ഗണിത പഠനവും രചനാ ശേഷികളുടെ വികാസവും | * ഒറിഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകർ | |

| | | | | |
|---|---|---|---|---|
| (3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | |
| (4) ഗണിതം മധുരമാക്കൽ | * ഗണിത പാർക്ക്. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ് | ഗണിതക്ലബ് പിടി |
| (5) ഗണിതശേഷിയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | * ഗണിതശ്രീ. ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ [illegible] | പിടിഎ |

| | | | | | |
|---|---|---|---|---|---|
| 6 | ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ ആപ്പുകൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിതക്ലിനിക്<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികളും. | |
| 8 | വിവിധ മേളകളുടെ വിശകലനം | വിശകലനം.<br>സ്കൂൾ മുതൽ ഉപജില്ലാ [illegible] നടപ്പിലാക്കി [illegible] പ്രവർത്തനങ്ങൾ SRGയിൽ ആസൂത്രണം ചെയ്യുന്നു. നിശ്ചിത [illegible]<br>[illegible] | ആവശ്യാനുസരണം | SRG | |

# മലയാളം

**കാഴ്ചപ്പാട്**

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ മികച്ച നിലവാരത്തിൽ നേടാൻ കഴിയുക.
- സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും അവസരം സൃഷ്ടിക്കുക.
- കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഗവേഷണാത്മക രീതി പ്രയോഗിക്കുക.
- കുട്ടിയെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് ബോധന പ്രവർത്തനങ്ങൾ സജ്ജമാക്കുക .
- ദൈനംദിന ജീവിതത്തിൽ ഭാഷ പ്രയോഗിക്കുന്നതിനുള്ള ശേഷി കൈവരിക്കുക.

## ലക്ഷ്യം

- 8 മുതൽ 10 വരെ ക്ലാസ്സിലെ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തും.
- കുട്ടികളിലെ സർഗ്ഗാത്മകശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കും.
- ഗവേഷണാത്മക പഠനവും ബോധനവും സാധ്യമാക്കും
- കുട്ടിയെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് ബോധന പ്രവർത്തനങ്ങൾ സജ്ജമാക്കും

## അവസ്ഥാ വിശകലനങ്ങൾ

മാതൃഭാഷാ പഠനം കുട്ടിയുടെ വ്യക്തിത്വ വളർച്ചയിൽ നിർണായക സ്ഥാനം ചെലുത്തു
ന്നുണ്ട്. നമ്മുടെ സാംസ്കാരിക സത്ത അടുത്തറിയാനും സ്വായത്തമാക്കാനുമുള്ള അവസര
കൂടിയാണ്. മാതൃഭാഷാ പഠനത്തിലൂടെ സാധ്യമാകുന്നത്. 8 മുതൽ 10 വരെ ക്ലാസ്സിലെ എല്ലാ കുട്ടി
കൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല. സമ
യക്കുറവും ഭൗതിക സാഹചര്യങ്ങളുടെ അഭാവവും ഇതിന് ഒരു കാരണമാണ്. അറിവു നിർമാണ
പ്രക്രിയയിൽ ഊന്നൽ നൽകിയുള്ള ബോധനരീതിയുടെ ധാരണക്കുറവും ഐ.സി.ടി സാധ്യതയ
പയോഗിച്ച് ആശയവിനിമയം നടത്താനുള്ള ഭൗതിക സാഹചര്യങ്ങളുടെ കുറവും പ്രശ്ന പരിഗണന
അർഹിക്കുന്ന വിഷയങ്ങൾ തന്നെയാണ്.

## മാതൃ ഭാഷാ പഠന പ്രശ്നങ്ങൾ

അക്കാദമികം

1. 8 മുതൽ 10 വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.
2. പഠന പ്രവർത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
3. പഠന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഗവേഷണാത്മകമായ രീതി (ട്രൈ ഔട്ട്, ആക്ഷൻ റിസർച്ച്) പ്രയോജനപ്പെടുത്തുന്നില്ല.
4. സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും നൽകുന്നില്ല.
5. കാർഷിക സംസ്കാരത്തെക്കുറിച്ചുള്ള അവബോധമില്ലായ്മ.
6. ലഹരി വസ്തുക്കളുടെ ഉപയോഗം.

മേഖല : അക്കാദമികം

പ്രശ്നം 1 : 8 മുതൽ 10 വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച് എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിലേക്ക് നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി |
|---|---|---|
| കുട്ടികൾ<br>1. കുട്ടികൾക്ക് ഭാഷാപഠനത്തോടുള്ള താല്പര്യക്കുറവ്.<br>2. മുൻ ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ എല്ലാവരും നേടിയിട്ടില്ല.<br>3. വായനാ പ്രവർത്തന | 1. 8-12 ക്ലാസ്സിൽ പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ നിലനിർണ്ണയിക്കൽ<br>2. അടിസ്ഥാനശേഷി വികസന പരിപാടി<br>3. എല്ലാ കുട്ടികളെയും പരിഗണിക്കുന്ന ക്ലാസ്സ് ആസൂത്രണം. | 1. പ്രീ- ടെസ്റ്റ്<br>2. അടിസ്ഥാന ശേഷി വികസന പരിപാടി<br>3. പ്രക്രിയാബന്ധിതവും ശിശുകേന്ദ്രീകൃതവും ഐ.സി.റ്റി അധിഷ്ഠിതവുമായ ആസൂത്രണം.<br>4. സി.പി.ടി.എ |

| | | |
|---|---|---|
| ങ്ങളുടെ കുറവ്<br>**അധ്യാപകർ**<br>1. എല്ലാ കുട്ടികളെയും പരിഗണിച്ച് ക്ലാസ്സ് കൊണ്ടുപോകാൻ കഴിയുന്നില്ല.<br>2. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല.<br>**സംവിധാനം**<br>1. സമയക്കുറവ്<br>2. പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് അധ്യാപക പരിശീലനം ഇല്ല<br>3. തത്സമയ സഹായ സംവിധാനമില്ല.<br>**രക്ഷിതാക്കൾ**<br>1. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉണ്ടാക്കുന്നില്ല.<br>2. രക്ഷകർത്താക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധപ്പെടുന്നില്ല.<br>3. കുട്ടികളുടെ പഠനനില തിരിച്ചറിയുന്നില്ല. | 4. പ്രാദേശിക പഠനങ്ങൾ രൂപപ്പെടുത്തൽ<br>5. രക്ഷിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികൾ<br>6. ശില്പശാലകൾ | 5. ശില്പശാലകൾ (കഥ, കവിത, നാടകം) |

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി |
|---|---|---|
| <u>കുട്ടികൾ</u><br>1. ഗാർഹിക പ്രശ്നങ്ങൾ<br>2. താല്പര്യമുള്ള വായനാ സാമഗ്രികളുടെ അഭാവം<br>3. പഠനശൈലി പരിഗണിക്കാതിരിക്കുന്നത്<br><u>അദ്ധ്യാപകർ</u><br>1. പഠന സാമഗ്രികളുടെ അഭാവം<br>2. ഐ.സി.ടി സാധ്യതകളുടെ അജ്ഞത<br>3. ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യമില്ലായ്മ<br><u>സംവിധാനം</u><br>1. സമയകുറവ്<br>2. പരിശീലന കുറവ്<br><u>രക്ഷിതാക്കൾ</u><br>1. സാമ്പത്തികം<br>2. കുട്ടികളുടെ യഥാർത്ഥ പ്രശ്നം മനസ്സിലാക്കായ്ക | 1. രക്ഷാകർതൃ ബോധവത്കരണം<br>2. പഠനോപകരണങ്ങളുടെ നിർമ്മാണം<br>3. ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ<br>4. ഐ.സി.ടി സംവിധാന ഒരുക്കൽ<br>5. ക്ലാസ്സ് ലൈബ്രറി | 1. പഠനോപകരണ നിർമ്മാണ ശില്പശാല<br>2. ഐ.സി.ടി പരിശീലനം കുട്ടികൾക്കും ടീച്ചർമാർക്കും<br>3. ക്ലാസ്സ് മുറി ഹൈടെക് വത്കരണം |

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി |
|---|---|---|
| **കുട്ടികൾ**<br>1. പഠനപുരോഗതി സ്വയം തിരിച്ചറിയാൻ കഴിയുന്നില്ല.<br>2. സ്വയം മെച്ചപ്പെടുന്നില്ല.<br>**അധ്യാപകർ**<br>1. നിരന്തര വിലയിരുത്തലിനുള്ള പ്രക്രിയകൾ ആസൂത്രണത്തിലില്ല.<br>2. പ്രക്രിയാ ബന്ധിത ആസൂത്രണത്തിന്റെ അഭാവം<br>**സംവിധാനം**<br>1. ക്ലാസ്സ് ലൈബ്രറി ഫലപ്രദമല്ല.<br>2. ഗവേഷണാത്മക അധ്യാപനം പ്രോത്സാഹിപ്പിക്കുന്നില്ല.<br>**രക്ഷിതാക്കൾ**<br>1. കുട്ടികളുടെ നിലവാരം തിരിച്ചറിയാൻ കഴിയുന്നില്ല. | 1. ക്ലാസ്സ് ലൈബ്രറി, വായനാമൂല എന്നിവ ശക്തിപ്പെടുത്തുക.<br>2. ആക്ഷൻ റിസർച്ച് നടത്താക്കുന്നതിന് സഹായകമായ ഗൈഡൻസ്<br>3. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ<br>4. പഞ്ചായത്തിലെ അധ്യാപക കൂട്ടായ്മ<br>5. നിരന്തവിലയിരുത്തലിന് പ്രാധാന്യം നൽകുന്ന പാഠാസൂത്രണം | 1. ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കുക<br>2. ആക്ഷൻ റിസർച്ചിന്റെ പരിശീലനം<br>3. ശില്പശാല പഠനയാത്ര<br>4. ഭാഷാധ്യാപക കൂട്ടായ്മ സെമിനാർപാഠാസൂത്രണം ശില്പശാല |

ഉദ്ഘാടനം/സമാപനം തുടങ്ങിയ പങ്കാളിത്തം ഉറപ്പാക്കണം. ഓരോ ശില്പശാലയും ഡോക്യുമെന്റ് ചെയ്യണം. കുട്ടികളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം. ഇങ്ങനെ കവിത, നാടകം, ക്വിസ്സുകളാവാം.

## ഐ.സി.ടി പരിശീലനം

ഹൈടെക് ക്ലാസ്സ് മുറികൾ ഫലപ്രദമായി വിനിയോഗിക്കണമെങ്കിൽ അദ്ധ്യാപകർക്ക് ഉപകരണങ്ങൾ യഥേഷ്ടം ഉപയോഗപ്പെടുത്തുന്നതിനുള്ള ധാരണ, നൈപുണ്യ, മനോഭാവം എന്നിവ ഉണ്ടാകണം. ഇതിനു സഹായകമായ പരിശീലനം അദ്ധ്യാപർക്കു ലഭിക്കണം. ഐ.സി.ടി പഠനപ്രക്രിയയുടെ ഭാഗമാകണം. ഇതിനാവശ്യമായ സോഫ്റ്റ്വെയറുകൾ സംബന്ധിച്ച് ആഴത്തിലുള്ള ധാരണ അവർക്കു ലഭിക്കണം. ഓരോ ടേമിലു ഐ.സി.ടി അധിഷ്ഠിത പഠനത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും പരിമിതിയുള്ള മേഖലയിൽ അവ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനവും ഉണ്ടാവണം.

## ക്ലാസ്സ് ലൈബ്രറിയും വായനമൂലയും

കുട്ടികൾ സ്വയം അറിവു നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്.പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയം പഠനത്തിലേയ്ക്കും സ്വാശ്രയബോധത്തിലേക്കും നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രിയുടെ ഭാഗമായി നടത്തണം. ഇവിടെ യാണ് ക്ലാസ്സ് ലൈബ്രറിയുടെ പ്രാധാന്യം. ഒരു ക്ലാസ്സിലേക്കു വേണ്ട മുഴുവൻ വിഷയങ്ങളുടെയും പുസ്തകങ്ങൾ ആവശ്യാനുസരണം കോപ്പികൾ ക്ലാസ്സ് ലൈബ്രറിയിൽ വേണം. എല്ലാ ഭാഷകളുടെയും നിഘണ്ടു ഡിക്ഷ്ണറി, ഡിജിറ്റൽ സൗകര്യം എന്നിവ ഉണ്ടാകണം. പാഠപുസ്തവുമായി ബന്ധപ്പെട്ട് എല്ലാ കൃതികളും ക്ലാസ്സിൽ ലഭ്യമാക്കണം. ഓരോ വിഷയസമിതിയും ചേർന്ന് 8-12 ക്ലാസ്സുകൾക്കുള്ള പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കി അവ ലൈബ്രേറിയൻ എന്ന നിലയിൽ കുട്ടികളെ ശാക്തീകരിക്കുകയും പുസ്തകവിതരണവും റഫറൻസും കാര്യക്ഷമമാക്കണം. ഇതിനുള്ള ഫണ്ട് രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഉണ്ടാക്കാൻ കഴിയും.ചില്ലലമാര/ചുമർ അലമാര എന്നിവ സ്കൂളിന്റെ സൗകര്യമനുസരിച്ച് രൂപകല്പന ചെയ്യാൻ കഴിയും. ക്ലാസ്സ് അദ്ധ്യാപകനാണ് ഇതിന് മുൻകൈയെടുക്കേണ്ടത്. കുട്ടികളുടെ ഗവേഷണാത്മക പഠനത്തിന് ക്ലാസ്സ് ലൈബ്രറികൾ അനിവാര്യമാണ്.

# ACADEMIC MASTER PLAN

## HS ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| • ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | · Spoken English class<br>English Assembly<br>English Library<br>English Cartoon പ്രദർശനം | · അക്കാദമിക് വർഷം | Teachers | |
| • ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | · Role play<br>· English Day ആചരണം | · അക്കാദമിക വർഷം | English club | |
| • സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | · English പത്രവായന, പദസംവാദനം, ചിത്രവായന, News Reading | · Class room activities<br>· School Assembly | SRG Teachers | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കവിതാപാരായണം കവിതാരചനയും പ്രോത്സാഹിപ്പിക്കുന്നു. | · English റേഡിയോ കേൾക്കാനുള്ള അവസരം<br>· കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. | · Twice in year | English club | |
| • സാങ്കേതിക വിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | · English fest, English film കാണാനുള്ള അവസരം | · ശനിയാഴ്ചകൾ | · Teachers | |
| • സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | · Native speakers മായി സംവാദം നടത്താനുള്ള അവസരം ഒരുക്കുന്നു. | · അക്കാദമിക വർഷത്തിൽ ഒന്ന്. | · SRG. | |

DATE PAGE

# Academic Master Plan

# HS Hindi

DATE

| कार्यक्रम | गतिविधि | समय | कक्षा | दायित्व |
| --- | --- | --- | --- | --- |
| 1. हिन्दी वाचन<br>एच.एस स्तर पर सभी छात्रों को बिना गलतियों के हिंदी पढने और अर्थ समझने में सक्षम होना चाहिए। | • बच्चों को पढने के लिए प्रोत्साहन करने और हिन्दी शब्दावली बढाने केलिए सरल हिंदी कहानी की किताबें, चित्र कहानियाँ और हिंदी साहित्यिक रूपों से परिचित कराया जाएगा।<br>• रीडिंग कार्ड तैयार किए जाएँगे।<br>• राष्ट्रीय नेताओं और हिंदी साहित्यकारों के नाम और चित्र एकत्र कर बच्चों के पढने केलिए तैयार किए जाएँगे। | जून से फरवरी तक | 8, 9, 10 | हिंदी अध्यापिका |
| 2. हिंदी लेखन<br>छात्रों को किताबों से नए शब्द खोजने और वाक्य बनाने, बाल-कविताएँ और हिंदी कविताएँ इकट्ठा करने केलिए प्रेरित किया जाएगा। | • बच्चे स्वयं छोटी-छोटी हिंदी कविताएँ और पोस्टर तैयार करें।<br>• गतिविधि पुस्तक तैयार की जाएगी और छात्र शिक्षक की देखरेख में भाषा कौशल का अभ्यास करेंगे। | जून से फरवरी तक | 8, 9, 10 | हिंदी अध्यापिका |

RAMS

| | | | | |
|---|---|---|---|---|
| 3. हिंदी सभा | • सप्ताह में एक बार हिंदी सभा आयोजित की जाएगी। • सभा आयोजित करने का कार्य एक - एक कक्षाओं केलिए होगा। | जून से फरवरी तक | 8, 9, 10 | हिंदी अध्यापिका |
| 4. हिंदी प्रतियोगिताएँ | • हिंदी में गायन, बोलने और लिखने में उत्कृष्ठ छात्रों को प्रोत्साहन करने केलिए कहानी लेखन, कविता लेखन, भाषण और कविता पाठ का आयोजन किया जाएगा। | जून से फरवरी तक | 8, 9, 10 | हिंदी अध्यापिका |
| 5. हिंदी मंच | • स्कूल में हिंदी भाषा गतिविधियों को सुविधा-जनक बनाने केलिए छात्रों के एक संघ के रूप में एक हिंदी मंच का गठन किया जाएगा। | जून से फरवरी तक | 8, 9, 10 | हिंदी अध्यापिका |
| 6. सूचना प्रौद्योगिकी | • छात्रों को हिन्दी सीखने में मदद करने के लिए विभिन्न दृश्य और श्रव्य सामग्री पहुँचने केलिए सूचना प्रौद्योगिकी का उपयोग किया जाएगा। | जून से फरवरी तक | 8, 9, 10 | हिंदी अध्यापिका |

# ACADEMIC MASTER PLAN

## HS

## SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രാവബോധത്തിൽനിന്ന് ഭാവി രൂപപ്പെടുത്തുക | * ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | . അക്കാദമിക വർഷം മുഴുവനായി. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| * ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | * School പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. * ദിനാചരണങ്ങൾ നടത്തുന്നു. | · പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | * Social Science Club. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | * സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു.. അന്വേഷണ കാഴ്ചകൾ, അനുഭവം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| * മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക | * ചർച്ചകൾ, സംവാദം ക്ലാസുകൾ. അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | Social Science club | |
| * ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | * അറ്റ്ലസ് നിർമ്മാണം, ഭൂപടവായന, ഗ്ലോബ് നിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വയം വിലയിരുത്തൽ |
|---|---|---|---|---|
| * കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | * ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവ നടത്തുന്ന ചരിത്ര സിനിമ പ്രദർശനം | . അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ SRG teachers | |
| * വ്യത്യസ്തമായ മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാടുകൾ, സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | * വിവിധമേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്ന | * അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

# Master Plan

## HS - Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. അത്ഭുത കണ്ണിലൂടെ ആകാശം, ജീവജാലം, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾതന്നെ കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠഭാഗവുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | ഗ്രൂപ്പുകൾക്ക് ലഘു പ്രോജക്ട് കൊടുത്ത് ചെയ്യിപ്പിച്ച് സ്കൂളിന്റെ പൊതു- വേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 2. ശാസ്ത്രലോകത്തെ നിരന്തരം അന്വേഷിക്കാനും വിശകലനം ചെയ്യാനും | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ. | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്. |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്രബോധ വളർച്ച | | | | |
| മാനസികതയിൽ ആഴ്ന്നിറങ്ങുന്ന ശാസ്ത്രബോധം വളർത്തുക. | സ്കൂളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുക. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4. ആരോഗ്യം | | | | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യനില പരിശോധിക്കുക. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉദ്യാനത്തിൽ ഔഷധ-സസ്യങ്ങളും പച്ചക്കറിത്തോട്ടവും നിർമിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്, ഹരിത ക്ലബ് | കൃഷിവകുപ്പ്, ഹരിതസമിതി |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പ് | അക്കാദമിക വർഷം | സയൻസ് ക്ലബ് | ഹരിതസേന |

# ഹൈസ്കൂൾ
# ഗണിതം

മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയധാരണ കൈവരിക്കൽ | ഓഷത്തിനൊപ്പം, പ്രീ-ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശിൽപശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രയോഗവും ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

മേഖല - ഹൈസ്കൂൾ - ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതഗ്രാമം: കുട്ടികൾ കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ. | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിതമത്സരവേദിയിലേക്ക്: മേളകളിൽ ഉജ്ജ്വലത കൈവരിക്കൽ. | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന്. | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ്, ജൂൺ. | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി. ടി. എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ പ്രസിഡന്റ് | പി.ടി.എ. |